(Pages : 4) **N– 5216**

**Reg. No. : .............................**

**Name : .................................**

## First Semester M.A. Degree Examination, May 2022

## Malayalam Language and Literature

## ML 214 : മലയാളവ്യാകരണം

## (2019 Admission Onwards)

Time : 3 Hours Max. Marks : 75

I. ഓരോ ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

gcwcentrallibrary.in

1. (a) ലീലാതിലകകാരന്റെ ഭാഷാ ചർച്ചയിൽ ഒരിടത്തും മലയാളം എന്ന പദം കടന്നു വരുന്നില്ല. ഇത് സൂചിപ്പിക്കുന്നത് എന്താണ്?

അല്ലെങ്കിൽ

(b) മണിപ്രവാളത്തിൽ ചോളഭാഷാപദങ്ങളും ഉണ്ട് എന്ന പൂർവ്വപക്ഷത്തെ ലീലാതിലകകാരൻ ഖണ്ഡിക്കുന്നതെങ്ങനെ?

2. (a) ഭാഷാസംക്രമണവാദം എന്നാലെന്ത്? അതിനെ ഒരു ഭാഷോൽപ്പത്തിവാദമായി പരിഗണിക്കാമോ?

അല്ലെങ്കിൽ

(b) ഭാഷാഗദ്യത്തിന്റെ വികാസപരിണാമഘട്ടങ്ങളെ പ്രൊഫസർ സി.എൽ. ആന്റണി വിഭജിക്കുന്നതെങ്ങനെ?

3. (a) ''ഭാഷാത്രിധ; ദേശീ, സംസ്കൃതഭവസംസ്കൃത രൂപാ ച'' - വ്യാഖ്യാനിക്കുക.

അല്ലെങ്കിൽ

(b) ''സ്ത്രീപുംനപുംസകംത്രികം'' - വിശദീകരിക്കുക.

P.T.O.

4. (a) കേരളപാണിനിയുടെ ഘട്ടവിഭജനം സ്വീകാര്യമാണോ? പരിശോധിക്കുക.

അല്ലെങ്കിൽ

(b) വാസ്തവത്തിൽ തമിഴിൽ ലിപിദാരിദ്ര്യമാണ് ധ്വനിദരിദ്ര്യമില്ല. കേരളപാണിനിയുടെ അഭിപ്രായം വിശദീകരിക്കുക.

5. (a) അനുനാസികസംസർഗ്ഗം, അനുനാസികാതിപ്രസരം എന്നിവ ഭാഷാപരിണാമത്തിൽ ചെലുത്തിയ സ്വാധീനം ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) മലയാളം സംശ്ലിഷ്ട കക്ഷ്യയിൽ നിന്നു വൈകൃതകക്ഷ്യയിലേക്കുള്ള പടിവാതിലിൽ ആണെന്ന കേരളപാണിനിയുടെ അഭിപ്രായം എത്രത്തോളം സ്വീകാര്യമാണ്? പരിശോധിക്കുക.

6. (a) കാരകം എന്നാലെന്ത്? വിഭക്തികൾക്ക് കാരകവുമായി ബന്ധമുണ്ടോ? പരിശോധിക്കുക.

അല്ലെങ്കിൽ

(b) വിശിഷ്ടക്രിയ എന്നാലെന്ത്? വിശദീകരിക്കുക.

7. (a) ''റാവുചില്ലല്ലകാലത്തിൽ യാവു ചില്ലെന്നുമോർക്കണം

രാവും ഉാവും ചിലേടത്തു ചില്ലല്ലാത്തതു പോലെയാം'' - വിശദമാക്കുക.

അല്ലെങ്കിൽ

(b) ''ശ്രുതിമാധുര്യാർത്ഥമായും നാഗമം ചിലെടങ്ങളിൽ'' - വിവക്ഷിതമെന്ത്?

**(7 × 3 = 21 Marks)**



gcwcentrallibrary.in

II. ഓരോ ചോദ്യത്തിനും **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) സംവൃതോകാരത്തിന്റെ ധ്വനിമൂല്യത്തെ സംബന്ധിച്ചുള്ള കേരളപാണിനിയുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ സന്ധികളെക്കുറിച്ച് പ്രാചീനഘട്ടത്തിൽ നിലവിലിരുന്ന നിയമങ്ങൾ പലതും പിൽക്കാലത്ത് പ്രാബല്യം നഷ്ടപ്പെടുകയോ തീർത്തും അപ്രസക്തമാവുകയോ ചെയ്തിട്ടുണ്ട് - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

9. (a) മലയാളത്തിലെ നിഷേധ രൂപസൃഷ്ടി - കുറിപ്പെഴുതുക.

അല്ലെങ്കിൽ

(b) വാക്യവിചാരത്തിൽ വ്യാകരണത്തേക്കാൾ പ്രാധാന്യം പ്രയോഗത്തിനാണ് - വിശദീകരിക്കുക.

10. (a) അനുപ്രയോഗം എന്നാലെന്ത്? പല അനുപ്രയോഗങ്ങളും അവയുടെ മൂലാർഥത്തിൽ തന്നെ ചിലപ്പോൾ പ്രയോഗിക്കാറുണ്ട്. അപ്പോൾ സന്ദർഭമനുസരിച്ചേ ഒരു പദം അനുപ്രയോഗമാണോ പൂർണ്ണക്രിയയാണോ എന്ന് തീരുമാനിക്കാൻ കഴിയൂ. ഈ അഭിപ്രായം ശരിയോ?

അല്ലെങ്കിൽ

(b) നിഷ്പന്ന രൂപങ്ങൾ എന്നാലെന്ത്? ഭാഷയിൽ അവയുടെ പ്രസക്തിയെന്ത്?

11. (a) അലുപ്ത സമാസം എന്നാലെന്ത്? അലുപ്തത്തെ ഒരു സമാസമായി പരിഗണിക്കേണ്ടതുണ്ടോ?

അല്ലെങ്കിൽ

(b) സന്ധി ഒരു വക വർണ്ണവികാരമാണ്. എന്നാൽ സന്ധിയും വർണ്ണപരിണാമവും വ്യത്യസ്തമാണ്. വിശകലനം ചെയ്യുക.

gcwcentrallibrary.in

12. (a) അകാരത്തെപറ്റിയുള്ള കേരളപാണിനിയുടെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

അല്ലെങ്കിൽ

(b) കേരളപാണിനീയത്തിലെ ഭൂതകാലധാതുക്കളുടെ രൂപവൈവിധ്യങ്ങൾ - വിശദീകരണക്കുറിപ്പ് തയ്യാറാക്കുക.

**(5 × 6 = 30 Marks)**

III. ഓരോ ചോദ്യത്തിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) പിൽക്കാലത്ത് കേരളപാണിനി ക്രോഡീകരിച്ച ആറ് നയങ്ങളുടെ പ്രാഗ്രൂപം തന്നെയാണ് കൂന്തൽവാദം - പരിശോധിക്കുക.

അല്ലെങ്കിൽ

(b) കേരളപാണിനീയത്തിനു മുൻപുള്ള പ്രധാനപ്പെട്ട വ്യാകരണഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുക.

14. (a) ധാതുപരമായി നിഷേധ പ്രത്യയം ചേർക്കുന്ന സമ്പ്രദായം ദ്രാവിഡഭാഷകൾക്കു മാത്രമുള്ളതാണ്. വിശദമാക്കുക.

അല്ലെങ്കിൽ

(b) തമിഴ്-മലയാളങ്ങളിലെ വർത്തമാനകാലാഖ്യാതത്തിന്റെ രൂപം അനുപ്രയോഗ നിഷ്പന്നമാണെന്ന് തെളിയിക്കാൻ കേരളപാണിനി നിരത്തുന്ന യുക്തികൾ സംഗ്രഹിക്കുക.

15. (a) മലയാളത്തിൽ നാമവിശേഷണങ്ങൾ ഉണ്ടോ? വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) പ്രകാരം എന്നാലെന്ത്? പ്രകാരങ്ങളിൽ നിയോജകപ്രകാരം മാത്രമാണ് പ്രത്യയം കൊണ്ട് രൂപപരിണതി നേടുന്നത്. ശരിയോ? വിശദമാക്കുക.

**(3 × 8 = 24 Marks)**

gcwcentrallibrary.in